W.I.Odon NO: R.O.07/688/m.o.

MOR3/25253/07

കൊച്ചി നഗരസഭാ കാര്യാലയം
കൊച്ചി-11,തീയതി27/12/07

## പുനർ ടെണ്ടർ/ലേല നോട്ടീസ്

കൊച്ചി നഗരസഭാതിർത്തിയിൽ എറണാകുളം നോർത്ത് ഓവർബ്രിഡ്ജിനു സമീപം നഗരസഭയുടെ ഉടമസ്ഥതയിലുള്ള നോർത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 41/1717 എച്. നമ്പർ കെട്ടിടമുറി ലൈസൻസ് വ്യവസ്ഥയിൽ 3 വർഷക്കാലത്തേയ്ക്ക് വാടകയ്ക്ക് അനുവദിച്ചു നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്കും ഇതരനിയമങ്ങൾക്കും വിധേയമായി വ്യക്തികളിൽനിന്നോ/സ്ഥാപനങ്ങളിൽനിന്നോ മത്സരസ്വഭാവമുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറിനെത്തുടർന്ന് ലേലവും ഉണ്ടായിരിയ്ക്കുന്നതാണ്. ടെണ്ടറുകൾ 24/01/2008 തീയതി ഉച്ചയ്ക്ക് 1 മണി വരെ റവന്യൂവിഭാഗത്തിൽ സ്വീകരിയ്ക്കുന്നതും അന്നേ ദിവസം 2 മണിയ്ക്ക് ലേലം നടത്തുന്നതും ലേലം കഴിഞ്ഞാലുടൻ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിയ്ക്കുന്നതുമായിരിയ്ക്കും. ടെണ്ടർഫോറം അന്നേദിവസം ഉച്ചയ്ക്ക് 12 മണിവരെ റവന്യൂ വിഭാഗത്തിൽനിന്നും 250+25/- രൂപ വിലയ്ക്ക് ലഭിയ്ക്കുന്നതാണ്. ടെണ്ടറിനോടൊപ്പം 5,000/-രൂപ നിരതദ്രവ്യമായി നഗരസഭാ സെക്രട്ടറിയുടെ പേരിൽ നഗരസഭാ ട്രഷറിയിൽ അടച്ച രസീത്/അംഗീകൃത ബാങ്ക് ഡി.ഡി., മൂന്നു വർഷക്കാലത്തെ വാടകയ്ക്ക് തുല്യമായ തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി അഥവാ റവന്യൂ അധികാരികൾ നൽകുന്ന സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ ഉള്ളടക്കം ചെയ്തിരിയ്ക്കേണ്ടതും അല്ലാതുള്ള ടെണ്ടറുകൾ നിരസിയ്ക്കുന്നതുമായി രിയ്ക്കും. ലേലത്തിൽ പങ്കെടുക്കുന്നതിനും മേൽ നിബന്ധനകൾ ബാധകമായിരിയ്ക്കുന്ന താണ്. ആവശ്യമെന്നു കണ്ടാൽ ടെണ്ടർ/ലേല നടപടികൾ കാരണം കാണിയ്ക്കാതെ റദ്ദുചെയ്യുന്നതിന് നഗരസഭാ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിയ്ക്കുന്നതാണ്. നിർദിഷ്ട ടെണ്ടർ ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിയ്ക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം ടെണ്ടർ/ലേല തീയതിയായി കണക്കാക്കുന്നതും ആയതുപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ റവന്യൂ വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

സെക്രട്ടറി.

പിഎം/27/12.